# സത്യത്തിൻെറ മധുരം

“സത്യം പറയുക” ഈ തലക്കെട്ടിൽ ഒരു കാമ്പയിൻ സംഘടിപ്പിച്ചാൽ നേരിൻെറ ഇടപെടലുകളെ ഭയപ്പെടുന്ന പലരും അലോസരപ്പെടും.

സത്യം അങ്ങനെയാണ്. പലരും ഭയപ്പെടുന്നതാണ് സത്യം.

സത്യം പറയൽ നിത്യജീവിതത്തിലെ അപൂർവ സംഗതിയായി മാറിയിട്ടുണ്ട് പലർക്കും. മാറിവരുന്ന ജീവിതചേരുവകളിൽ സത്യത്തിൻെറ സ്ഥാനം ഇത്തിരിയാണ്.

സത്യം പറയൽ പ്രയാസമുള്ള സംഗതിയാണ്. വ്യക്തി താല്പര്യങ്ങൾക്കും ദേഹേഛാപൂരണത്തിനും സത്യത്തിന് മുമ്പിൽ നിലനില്പില്ല എന്നതാണ് യാഥാർഥ്യം. അതിനാൽ തന്നെ അധികാരമേഖലകളിലേക്ക് കയറുംതോറും സത്യം നേർത്തു വരുന്നതു കാണാം. തകരാറ് സത്യത്തിൻെറതല്ല.

സത്യം കയ്പുറ്റ സംഗതിയാണ്. എന്നാൽ അതിൻെറ മാധുര്യം ഏറെ ആസ്വദ്യകരമാണ്. തലമുറകളോളം അതിൻെറ മാധുര്യം നീണ്ടുനില്ക്കും.

സത്യത്തോടുള്ള നിലപാടിനനുസരിച്ചാണ് വ്യക്തിയുടെയും അയാൾ ഉൾക്കൊള്ളുന്ന ആദർശത്തിൻെറയും അന്തസ്സത്ത പ്രകടമാവുകുന്നതും അയാൾക്ക് സമൂഹത്തിൽ സ്വീകാര്യത ലഭിക്കുന്നതും. ഏറെ വിശാലമായ സംഗതിയാണിത്. അതിനാലാണ് തന്നോട് ഉപദേശം തേടി വന്ന ഒരാളോട് മുഹമ്മദ്നബി നീ കളവ് പറയരുതെന്ന് ഉപദേശിച്ചത്. അവിടന്ന് പറഞ്ഞു: “സത്യം പറയുക. അതെത്ര കയ്പുറ്റതാണെങ്കിലും ശരി.”

നീതിയുമായി കൈകോർത്തു നില്ക്കുന്നതാണ് സത്യം. അവ രണ്ടും പരസ്പരം പൂരകവുമാണ്. ഒന്നിൻെറ അഭാവത്തിൽ മറ്റേതിന് സ്ഥാനമില്ല. അതിനാലാണ് ഭരണരംഗത്തുനിന്ന് സത്യം ഇല്ലാതെയാകുമ്പോൾ അവിടെ അനീതി നടമാടുന്നത്.

സത്യം നന്മയുടെ മാതാവാണ്. കള്ളം തിന്മകളുടെ മാതാവാണ്.

സത്യം മുറുകെ പിടിക്കുക. തൻെറ ജീവിത ചുറ്റുപാടുകളിൽ അത് ഒരിക്കലും കൈവെടിയരുത്. തൽക്കാലം അത് കുറച്ചു പ്രയാസങ്ങൾ വരുത്തിയെന്നു വരാം.

സത്യം മുറുകെ പിടിച്ചു ജീവിക്കുന്നവരെ മറ്റുള്ളവർക്ക് ഭയവും ആദരവുമായിരിക്കും. സമൂഹം തന്നോട് പെരുമാറുന്നത് സത്യത്തോടും യാഥാർഥ്യത്തോടും തനിക്കുള്ള നിലപാടനുസരിച്ചായിരിക്കുമെന്ന് തിരിച്ചറിയുക.

സത്യം പറയുക. ഗാർഹികാന്തരീക്ഷത്തിൽ അതിന് പ്രസക്തി വളരെ ഏറെയാണ്. തന്നെ അനുകരിച്ചു ജീവിക്കുന്ന സന്താനങ്ങളടക്കമുള്ള ഭാവിതലമുറകളിൽ ഉന്നതമായ സംസ്കാരം നിലനില്ക്കണമെങ്കിൽ സത്യം മുറുകെ പിടിച്ചേ പറ്റൂ.

ഔദ്യോഗിക രംഗത്ത് ഒഴിച്ചുകൂടാനാകാത്തതാണ് സത്യവും നീതിയും. അതിൻെറ അഭാവം ഇന്ന് ഏറെ പ്രകടമാണ്. ഭരണകൂടങ്ങൾ സത്യത്തോടും നീതിയോടും വിടപറയുമ്പോഴാണ് അതിനെതിരെ ആക്ഷേപകരും വിമർശകരും വർധിക്കുന്നത്.

സത്യം നമ്മിൽനിന്നകലുകയല്ല. നാം സത്യത്തിൽനിന്നും അകലുകയാണ്. ഓരോ ചുവട് അകലുമ്പോഴും നാം സ്വന്തം നാശത്തിലേക്കാണ് നീങ്ങുന്നത്.

സത്യം പലർക്കും മറയാണ്. സത്യത്തിൻെറ മേൽവിലാസത്തിലാണ് പലരും കള്ളം പറയാറുള്ളത്. മറ്റുള്ളവരെ പൊതുജന മധ്യത്തിലും പൊതു പരിപാടികളിൽ പോലും ചെറുതാക്കുന്നതും സത്യത്തെ കൂട്ടുപിടിച്ചാണ്.

സത്യം പറയാൻ ഭയപ്പെടരുത്. അതിക്രമിയായ ഭരണാധികാരിയോടും സത്യം തുറന്നുപറയുന്നത് ധർമസമരമാണെന്ന യാഥാർഥ്യം മറക്കാതിരിക്കുക.